പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

11.12.2012-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 412

## സൗരോർജ്ജ വൈദ്യുതി സബ്സിഡി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ് | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി പണികഴിപ്പിക്കുന്ന വീടുകളിൽ സൗരോർജ്ജവൈദ്യുതി ഉപയോഗിക്കുന്നതിനായി എന്തൊക്കെ പ്രോത്സാഹന പരിപാടികളാണ് നടപ്പിലാക്കിവരുന്നത്; | (എ) സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് വഴി 10000 വീടുകളിൽ 1 kw ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സബ്സിഡി നിരക്കിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിന്റെ JNNSM (ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ) പദ്ധതി വഴി ഒരു കിലോവാട്ട് വരെ ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടുകൂടി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. |
| (ബി) പൂർണ്ണമായും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ് കരിച്ചിട്ടുണ്ടോ ; | (ബി) വൈദ്യുതി എത്താത്തയിടങ്ങളിൽ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് വഴി നടപ്പാക്കിയിട്ടുണ്ട്. പൂർണമായും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നതിന് കേന്ദ്ര സബ്സിഡി ലഭ്യമാണ്. ഇതിന്റെ നോഡൽ ഏജൻസിയായി അനെർട്ട് പ്രവർത്തിച്ചുവരുന്നു. |
| (സി) ഇതിനായി ഗുണഭോക്താക്കൾക്ക് എത്ര ശതമാനം സബ്സിഡിയാണ് നല്കിവരുന്നത് | (സി) 1 kw സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഒരു ഗുണഭോക്താവിന് ചെലവാകുന്ന തുകയുടെ 30% കേന്ദ്ര സർക്കാരിന്റെ സബ്സിഡിയും 39000/- രൂപ സംസ്ഥാന സർക്കാരിന്റെ സബ്സിഡിയും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വീടുകളിൽ കെ.എസ്.ഇ.ബി. കണക്ഷൻ എടുക്കാതെ പൂർണ്ണമായും സൗരോർജ്ജവൈദ്യുതി ഉപയോഗിക്കാൻ താൽപ്പര്യമുള്ളവർക്ക് പ്രോത്സാഹനാർത്ഥം 90% സബ്സിഡി നൽകി പദ്ധതി ആവിഷ്ക്കരിക്കുമോ? | (ഡി) | ഇപ്പോൾ അത്തരം പദ്ധതികൾ ആലോചനയിലില്ല. |

സെക്ഷൻഓഫീസർ